# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2325** **08.05.2017 ൽ മറുപടിയ്ക്ക്**

## എസ്.ഐ.ഇ.ടി. നടത്തി വരുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (എസ്.ഐ.ഇ.ടി) ഇപ്പോൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (എ) സാങ്കേതിക വിദ്യയുടെ സഹായത്തോടെ അദ്ധ്യയനം മെച്ചപ്പെടുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനമായ എസ്.ഐ.ഇ.ടിയുടെ പ്രധാന ചുമതല പാഠഭാഗങ്ങളെ ആസ്പദമാക്കി ഡിജിറ്റൽ കണ്ടന്റുകൾ - പ്രധാനമായും വീഡിയോ/ അനിമേഷൻ പാഠഭാഗങ്ങൾ നിർമ്മിക്കുക എന്നതാണ് . നിലവിൽ പുതുതായി 9,10 ക്ലാസ്സുകളിലെ സയൻസ്, കണക്ക് പാഠങ്ങളെ ആസ്പദമാക്കി ഏകദേശം 70 മണിക്കൂർ നീണ്ടുനിൽക്കുന്ന വീഡിയോ ഭാഗങ്ങൾ എസ്.സി.ഇ.ആർ.ടിയിലെ വിദഗ്ധരുടെ സഹായത്തോടെ നിർമ്മിച്ചിട്ടുണ്ട്. അദ്ധ്യാപകർക്ക് എഡ്യൂക്കേഷണൽ ടെക്നോളജിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനം നൽകുന്നത് എസ്.ഐ.ഇ.ടിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. |
| (ബി) എസ്.ഐ.ഇ.ടി യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) ക്ലാസ് മുറികളിൽ അദ്ധ്യയനത്തെ സഹായിക്കുന്നതും വിദ്യാർത്ഥികൾക്ക് സ്വയം പഠിക്കാൻ അവസരമൊരുക്കുന്നതുമായ വീഡിയോ പാഠഭാഗങ്ങൾ എസ്.ഐ.ഇ.ടി തയ്യാറാക്കുന്നുണ്ട് . എല്ലാ ദിവസവും ഈ വീഡിയോ പാഠഭാഗങ്ങളുടെ സംപ്രേക്ഷണം ദൂരദർശനിലൂടെ നടക്കുന്നുണ്ട്. സംസ്ഥാന തലത്തിലുള്ള ഒരു വിദ്യാഭ്യാസ വീഡിയോ ഫെസ്റ്റിവലും വിദ്യാർത്ഥികൾക്കുള്ള ചലച്ചിത്രോത്സവവും സിനിമാ നിർമ്മാണത്തിൽ ശിൽപശാലയും എസ്.ഐ.ഇ.ടി നടത്തിവരുന്നതോടൊപ്പം സ്വകാര്യഏജൻസികളുമായി കരാർ അടിസ്ഥാനത്തിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്, എൻട്രൻസ് സോഫ്റ്റ് വെയർ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. |
| (സി) സ്കൂളുകൾ ഹൈടെക് ആക്കുന്ന ഈ കാലഘട്ടത്തിൽ പാഠപുസ്തക പരിഷ്കരണം നടക്കുമ്പോൾ, സമാന്തരമായി എസ്.ഐ.ഇ.ടി വഴി ഡിജിറ്റൽ കണ്ടന്റുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) യും (ഡി) യും } പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ് |
| (ഡി) എസ്.ഐ.ഇ.ടിയെ ശക്തിപ്പെടുത്തുന്നതിനായി കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ